**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 852** **02-02-2026 - ൽ മറുപടിയ്ക്ക്**

**സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചെങ്ങാലൂർ വില്ലേജിലെ ഇരിങ്ങാലക്കുടക്കാരൻ വീട്ടിൽ ശ്രീ.ഐ.എം. മോഹനന് സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട് . ശ്രീ.മോഹനൻ, ഇരിങ്ങാലക്കുടക്കാരൻ, കൊടകര എന്നയാളുടേത് 850 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഇരു നില വീടാണ്. നിലവിലെ പദ്ധതി മാനദണ്ഡപ്രകാരം 800 ച.അടി വിസ്തീർണ്ണമുള്ള വീടുകളെ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശ്രീ.മോഹനന്റെ ആവശ്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത അപേക്ഷ പരിഗണിച്ച് ശ്രീ. ഐ.എം. മോഹനനു ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | സേഫ് പദ്ധതിയിൽ ഭൂവിസ്തൃതിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഇരുനിലകളിലായി നിർമ്മാണം നടത്തുന്നതിനും, ചുരുങ്ങിയത് 1000 സ്ക്വയർഫീറ്റിൽ താഴെയുള്ള വീടുകൾക്ക് പഠനമുറി നിർമ്മാണം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സ്ഥലപരിമിതി മൂലം, പഠനമുറി മാത്രം വീടിന് മുകളിൽ നിർമ്മിച്ചിട്ടുള്ള വീടുകളെ ഇരുനില വീട് എന്ന പരിധിയിൽ നിന്നും ഒഴിവാക്കി സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ധന സഹായം അനുവദിക്കുന്നുണ്ട്. 1000 സ്ക്വയർഫീറ്റിൽ താഴെയുള്ള വീടുകൾക്ക് പഠനമുറി നിർമ്മാണം അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ